LIBRARY ARCHIVES Kerala Legislative Assembly

അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി കുടിയിറക്കപ്പെട്ട ആദിവാസി കുടുംബങ്ങൾ

295 (2533) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി എത്ര ആദിവാസി കുടുംബങ്ങളെ കുടിയിറക്കി ; കുടിയിറക്കപ്പെട്ട ആദിവാസി കുടുംബങ്ങളുടെ എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുത്തത് ;

(ബി) ഇവരിൽ എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചു ; എത്ര പേർക്ക് നഷ്ടപരിഹാരം നൽകി ;

(സി) പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 83 ആദിവാസി കുടുംബങ്ങളെ കുടിയിറക്കി. 60 ഏക്കർ ഭൂമി ഏറ്റെടുത്തു.

(ബി) 51 കുടുംബങ്ങളെ പുനരധിവസിപ്പിച്ചു. എല്ലാവർക്കും നഷ്ടപരിഹാരം നൽകി.

(സി) പദ്ധതി ഇപ്പോഴും പര്യവേക്ഷണ ഘട്ടത്തിലാണ്. പുതുക്കിയ C.P.W.D. (DSR-2014) നിരക്ക് പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും വനം-പാരിസ്ഥിതിക അനുമതികൾക്കായി അപേക്ഷ സമർപ്പിക്കുകയും അനന്തര നടപടികൾ കൈക്കൊള്ളുകയും ചെയ്തു വരുന്നു.

അട്ടപ്പാടി പാക്കേജ്

296 (2534) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ പ്രഖ്യാപിച്ച അട്ടപ്പാടി പാക്കേജിന്റെ വിശദവിവരം നൽകുമോ ; ആയത് നടപ്പിലാക്കുന്നതിൽ സർക്കാരിന് വീഴ്ച പറ്റിയതായി അംഗീകരിക്കുന്നുവെന്ന മാദ്ധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം കാര്യങ്ങളിലാണ് സർക്കാരിന് വീഴ്ച പറ്റിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) അട്ടപ്പാടിയിൽ തുടരെത്തുടരെ നടക്കുന്ന ശിശുമരണത്തിനെതിരെ നടന്ന സമരത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ അംഗീകരിച്ച പാക്കേജ് എന്തെല്ലാമാണ്, വിശദവിവരം നൽകുമോ ;